**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2849** **25-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സൗജന്യ ഭക്ഷ്യധാന്യ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ദരിദ്രരും അതിദരിദ്രരും ഏറ്റവും കൂടുതലായുള്ള പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യ ഭക്ഷ്യധാന്യങ്ങളുടെ അളവും അവ ലഭിക്കുന്ന കാലയളവും സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന ഫുഡ് സപ്പോർട്ട് പദ്ധതിയുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഊരുകൂട്ടങ്ങളിലൂടെയും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേനയും ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തി വരുന്നുണ്ട്.<br><br>എ.എ.വൈ (അന്ത്യോദയ അന്നയോജന), പി.എച്ച്.എച്ച് (മുൻഗണനാ) കാർഡുകാർക്ക് സൗജന്യ നിരക്കിൽ പ്രതിമാസം ലഭിക്കുന്നതും കൈപ്പറ്റുന്നതുമായ റേഷൻ ഭക്ഷ്യധാന്യത്തിന്റെ അളവ്, ഇനം, നിരക്ക് എന്നിവയും കൈപ്പറ്റാൻ ബാക്കിയുണ്ടെങ്കിൽ ആയതിന്റെ അളവും, റേഷൻകാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പറിൽ എസ്.എം.എസ് ആയി അറിയിക്കാറുണ്ട്. എല്ലാ വിഭാഗം കാർഡുകളുടെയും തൻമാസ റേഷൻ വിതരണതോത് എല്ലാ റേഷൻകടകളിലും എഴുതി പ്രദർശിപ്പിക്കുന്നുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗക്കാരുടെ അജ്ഞതയും ദാരിദ്ര്യവും മുതലെടുത്ത് ഭക്ഷ്യധാന്യ വിതരണത്തിൽ അവരെ കബളിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനു വേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഭക്ഷ്യധാന്യ വിതരണത്തിൽ പട്ടികവർഗ്ഗക്കാരെ കബളിപ്പിക്കുന്നത് സംബന്ധിച്ച പരാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ